MONDAY

തിങ്കളാഴ്ച

03.07.2023

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–03/07/2023.

1. കേരള കാർഷിക സർവകലാശാലയുടെ മൊബൈൽ എക്സിബിഷൻ യൂണിറ്റ് "വിത്ത് വണ്ടി" കർഷകർക്ക് ആവശ്യമായ വിവിധതരം ജൈവവളങ്ങളും ജൈവ കീടനാശിനികളും വിത്തുകളും വിവിധ ഉൽപ്പന്നങ്ങളുമായി തൃശ്ശൂർ ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ സ്റ്റാച്യുവിന് സമീപം എല്ലാ വെള്ളിയാഴ്ചകളിലും പത്തുമണി മുതൽ നാലു മണി വരെ ഉണ്ടായിരിക്കുന്നതാണ്.

2. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഈ സേവനം ലഭിക്കുന്നതിന് 1962 എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

3. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2023 – 2024ൽ തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിലെ വിവിധ പദ്ധതി ഘടകങ്ങളിൽ ഗുണഭോക്താക്കൾ ആകാൻ താല്പര്യമുള്ളവരിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു. ജൂലൈ 15 വരെ ക്ഷീരവികസന വകുപ്പിന്റെ https://ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തു അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കൊല്ലം അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ തെങ്ങിൻ തൈകൾ, വേരുപിടിപ്പിച്ച കുരുമുളക്, മാവ് ഗ്രാഫ്റ്റുകൾ (കൊളമ്പ്, കോട്ടുകോണം, നീലം), പ്ലാവ് ഗ്രാഫ്റ്റുകൾ (സിന്ധൂർ, മുട്ടൻ വരിക്ക, വിയറ്റ്നാം ഏർളി) ഒടിച്ചുകുത്തി പേര തൈകൾ, പച്ചക്കറി വിത്തുകൾ, ടിഷ്യുകൾച്ചർ വാഴ, അലങ്കാര സസ്യങ്ങൾ എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470361** എന്ന നമ്പറിൽ ബന്ധപ്പെടുക.

6. വയനാട് അമ്പലവയലിൽ സ്ഥിതി ചെയ്യുന്ന വയനാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത 13 മുതൽ 14 ആഴ്ച പ്രായമുള്ള BV380 മുട്ടകോഴികൾ 300/- രൂപ നിരക്കിൽ പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ് . പ്രതിവർഷം 300 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ കോഴികൾ. കൂടുതൽ വിവരങ്ങൾക്ക് 04936 260411, 9496930411 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

7. നെൽപ്പാടങ്ങളിലെ ഞാറ്റടിയിൽ ചിലന്തി മണ്ഡരി വ്യാപനം കണ്ടെത്തി. ഇലയുടെ അടിഭാഗത്തിരുന്ന് കൂട്ടത്തോടെ നീരൂറ്റി കുടിക്കുകയാണ് ഇവയുടെ ആക്രമണരീതി. മണ്ഡരികൾ കൂട്ടത്തോടെ ഇലകളിൽ പെരുകുമ്പോൾ ഇലയിലെ ഹരിതകം നഷ്ടപ്പെടുകയും ഇലകൾ നരച്ചു മഞ്ഞളിക്കുകയും തുടർന്നു കരിഞ്ഞുണങ്ങുകയും ചെയ്യുന്നു. നെല്ലിലെ നൈട്രജൻ അഭാവം, മറ്റു രോഗലക്ഷണങ്ങൾ എന്നിവയുമായി മണ്ഡരി ബാധയുടെ ലക്ഷണങ്ങൾക്ക് സാമ്യമുണ്ട്. മണ്ഡരി ബാധയുടെ ആരംഭഘട്ടത്തിൽ ഇവയെ നിയന്ത്രിക്കാൻ ജൈവ കീടനാശിനികളായ രണ്ട് ശതമാനം വീര്യമുള്ള വേപ്പെണ്ണ മിശ്രിതം അല്ലെങ്കിൽ അസാഡിറാക്റ്റിൻ അടങ്ങിയ കീടനാശിനി അഞ്ചു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ വെറ്റബിൾ സൾഫർ എന്ന മണ്ഡരി നാശിനി ഏക്കറിന് 400 ഗ്രാം 100 ലിറ്റർ എന്ന അനുപാതത്തിലോ കലക്കി തളിക്കാവുന്നതാണ്. കീടനാശിനി തളിച്ച് രണ്ട് ദിവസത്തിന് ശേഷം യൂറിയയോ അല്ലെങ്കിൽ 19:19:19 അനുപാതിലുള്ള വളമോ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളിൽ തളിക്കാവുന്നതാണ് അല്ലെങ്കിൽ 10 സെന്റ് ഞാറ്റടിയിലേക്കു ഒരു കിലോ യൂറിയ എന്ന തോതിൽ വിതറുകയോ ചെയ്യാവുന്നതാണ്. കൂടുതൽ മാർഗനിർദേശങ്ങൾക്കായി 0487- 2438396 എന്ന നമ്പറിലോ 9447783401 എന്ന നമ്പറിലോ കൃഷിഭവൻ മുഖേനയോ നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.